**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2076** **14-10-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാതയിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം-തിരുമംഗലം ദേശീയപാത 744 കടന്നു പോകുന്ന പുനലൂർ നിയോജകമണ്ഡലത്തിലെ ടിബി ജംഗ്ഷൻ,വാളക്കോട്, കലയനാട്,പ്ലാച്ചേരി,താമരപ്പള്ളി, ഇടമൺ, ഉറുകുന്ന്, തെന്മല, എം.എസ്എൽ.,ആനകുത്തിവളവ്, മുരുകൻപഞ്ചാൽ, ആര്യങ്കാവ്,ആര്യങ്കാവ്- ചെക്ക് പോസ്റ്റിന് സമീപം,വാളക്കോട് റെയിൽ മേൽപ്പാലം തുടങ്ങിയ വിവിധ ഇടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് പ്രസ്തുത പ്രദേശങ്ങളെ 'ബ്ലാക്ക് സ്പോട്ട്' പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ദേശീയ പാത 744- ൽ പുനലൂർ നിയോജക മണ്ഡലത്തിലെ ടിബി ജംങ്ഷൻ, എടമൺ, ഉറുകുന്ന്, തെന്മല എന്നീ സ്ഥലങ്ങളെ താരതമ്യേന അപകട സാധ്യത കുറവുള്ള ബ്ലാക്ക് സ്പോട്ടുകളായി (അപകട തീവ്രതയുടെ റാങ്കിങ്ങിൽ ആദ്യ 1500 സ്ഥാനത്തിന് ശേഷം) 2021 -ൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. റോഡ് ഏജൻസികളുടെ മാനവ വിഭവശേഷി പരിമിതികളും സാമ്പത്തിക പരിമിതികളും കണക്കിലെടുത്ത് ആദ്യം അപകട തീവ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത നടപടി എപ്പോഴേക്കും പൂർത്തിയാക്കും എന്ന് വിശദമാക്കാമോ; | (ബി) | ദേശീയ പാത 744- ൽ പുനലൂർ നിയോജക മണ്ഡലത്തിലെ ടിബി ജംങ്ഷൻ, എടമൺ, ഉറുകുന്ന്, തെന്മല എന്നീ സ്ഥലങ്ങളെ താരതമ്യേന അപകട സാധ്യത കുറവുള്ള ബ്ലാക്ക് സ്പോട്ടുകളായി (അപകട തീവ്രതയുടെ റാങ്കിങ്ങിൽ ആദ്യ 1500 സ്ഥാനത്തിന് ശേഷം) 2021 -ൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. റോഡ് ഏജൻസികളുടെ മാനവ വിഭവശേഷി പരിമിതികളും സാമ്പത്തിക പരിമിതികളും കണക്കിലെടുത്ത് ആദ്യം അപകട തീവ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) | പുനലൂർ മുതൽ കോട്ടവാസൽ വരെയുള്ള ദേശീയപാതയിൽ പുനലൂർ, തെന്മല പോലീസ് സ്റ്റേഷൻ പരിധിയിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഉണ്ടായിട്ടുള്ള അപകടങ്ങളുടെയും മരണങ്ങളുടെയും കണക്ക് ലഭ്യമാക്കാമോ; | (സി) | പുനലൂർ മുതൽ കോട്ടവാസൽ വരെയുള്ള ദേശീയപാതയിൽ പുനലൂർ, തെന്മല പോലീസ് സ്റ്റേഷൻ പരിധിയിൽ 2020 മുതൽ 2024 വരെയുള്ള കാലയളവിൽ 254 അപകടങ്ങൾ സംഭവിച്ചിട്ടുള്ളതും ഇതിൽ 53 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുള്ളതുമാണ്. |
| (ഡി) | തെന്മല ഡാം രണ്ടാം വളവിൽ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ എത്ര അപകടങ്ങൾ | (ഡി) | തെന്മല ഡാം രണ്ടാം വളവിൽ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഒരു അപകടം റിപ്പോർട്ട് |

| | | | |
|---|---|---|---|
| | നടന്നിട്ടുണ്ട് എന്നും എത്ര വാഹനങ്ങൾ മറിഞ്ഞിട്ടുണ്ട് എന്നും വ്യക്തമാക്കാമോ; അപകടങ്ങളിൽ മരണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്കുകൾ ലഭ്യമാക്കാമോ; | | ചെയ്തിട്ടുള്ളതും ആയതിൽ ഒരാൾക്ക് ജീവഹാനി സംഭവിച്ചിട്ടുള്ളതുമാണ്. |
| (ഇ) | ഇവിടെ തുടർച്ചയായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് തെന്മല ഡാം രണ്ടാം വളവ് ഒഴിവാക്കി ഒന്നാം വളവിൽ നിന്നും തെന്മലയിലേക്ക് വനവകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കി പുതിയ റോഡ് നിർമ്മിക്കുന്നതിന് വേണ്ട തുടർനടപടിക്ക് ശിപാർശ ചെയ്യുമോയെന്ന് വിശദമാക്കാമോ; | (ഇ) | തെന്മല ഡാം രണ്ടാം വളവ് ഒഴിവാക്കി ഒന്നാം വളവിൽ നിന്നും തെന്മലയിലേക്ക് പുതിയ റോഡ് നിർമ്മിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | 2019 വർഷത്തിൽ 'ബ്ലാക്ക് സ്പോട്ട്' ആയി രേഖപ്പെടുത്തിയ പുനലൂർ ടിബി ജംഗ്ഷൻ കേന്ദ്രീകരിച്ച് സ്ഥിരം പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടിയെടുക്കുമോയെന്ന് വിശദമാക്കാമോ; തമിഴ് നാട്ടിൽ നിന്നും ഉൾപ്പെടെയെത്തുന്ന വാഹനങ്ങൾ പുനലൂർ ടി.ബി. ജംഗ്ഷനിൽ നിന്നാണ് കേരളത്തിലെ വിവിധ ജില്ലകളിലേക്ക് പോകുന്നത് എന്നതിനാലും ഉടൻ കമ്മീഷൻ ചെയ്യുന്ന പുനലൂർ, മൂവാറ്റുപുഴ സംസ്ഥാനപാതയുടെ ആരംഭസ്ഥലം എന്നതിനാലും കിഴക്കൻ മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ കവാടം എന്നതിനാലും പോലീസിന്റെ സ്ഥിരം സാന്നിധ്യം അനിവാര്യമാണ് എന്നത് കണക്കിലെടുക്കുമോ;വിശദമാക്കാമോ ? | (എഫ്) | പുനലൂർ ടിബി ജംഗ്ഷൻ കേന്ദ്രീകരിച്ച് സ്ഥിരം പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസലുകളൊന്നും നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ